**പതിന്നാലാം കേരള നിയമസഭ**

**പതിനൊന്നാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 3566** **20.06.2018-ൽ മറുപടിക്ക്**

## കാസർഗോഡ് ജില്ലയിലെ താലൂക്ക് ആശുപത്രികൾ

**ചോദ്യം**

**ശ്രീ. എം. രാജഗോപാൽ**

**മറുപടി**

**ശ്രീമതി.കെ.കെ.ശൈലജ ടീച്ചർ**
(ആരോഗ്യവും സാമൂഹ്യ നീതിയും വകുപ്പ് മന്ത്രി)

(എ) കാസർഗോഡ് ജില്ലയിൽ എത്ര താലൂക്ക് ആശുപത്രികൾ പ്രവർത്തിക്കുന്നുണ്ടെന്നും ഇവിടങ്ങളിലായി എത്ര സ്പെഷ്യാലിറ്റി കേഡർ പ്രവർത്തിക്കുന്നുണ്ടെന്നും സ്ഥാപനം തിരിച്ച് വ്യക്തമാക്കാമോ;

(എ)

| ക്രമ നം. | സ്ഥാപനം | സ്പെഷ്യാലിറ്റി | അനുവദിച്ച തസ്തിക | നിലവിൽ ജോലി ചെയ്തു വരുന്നവരുടെ എണ്ണം | ഒഴിവ് |
|---|---|---|---|---|---|
| 1 | താലൂക്ക് ആശുപത്രി, ബദിയടുക്ക | ജനറൽ മെഡിസിൻ | 1 | 0 | 1 |
| 2 | താലൂക്ക് ആശുപത്രി , മംഗൽപ്പാടി | ജനറൽ മെഡിസിൻ | 1 | 0 | 1 |
| 3 | താലൂക്ക് ആശുപത്രി, പനത്തടി | പീഡിയാട്രിക്സ്<br>ജനറൽ മെഡിസിൻ | 1<br>1 | 1<br>0 | 0<br>1 |
| 4 | താലൂക്ക് ആശുപത്രി, തൃക്കരിപ്പൂർ | ഗൈനക്കോളജി,<br>പീഡിയാട്രിക്സ്,<br>ഓർത്തോപീഡിക് | 1<br>1<br>1 | 0<br>1<br>1 | 1<br>0<br>0 |
| 5 | താലൂക്ക് ആശുപത്രി, നീലേശ്വരം | ഗൈനക്കോളജി,<br>പീഡിയാട്രിക്സ്,<br>ജനറൽ മെഡിസിൻ | 1<br>1<br>1 | 1<br>1<br>1 | 0<br>0<br>0 |

(ബി) ജില്ലയിലെ താലൂക്ക് ആശുപത്രികളിൽ പ്രസവ സംബന്ധമായ ചികിത്സകൾ നൽകുന്ന എത്ര സ്ഥാപനങ്ങൾ ഉണ്ടെന്ന് വ്യക്തമാക്കാമോ;

(ബി) നീലേശ്വരം താലൂക്ക് ആശുപത്രിയിൽ ഗൈനക്കോളജി വിഭാഗത്തിൽ ആന്റിനേറ്റൽ ചികിത്സ നടത്തി വരുന്നുണ്ട്. തൃക്കരിപ്പൂർ താലൂക്ക് ആശുപത്രിയിൽ ഗൈനക്കോളജി വിഭാഗം സ്പെഷ്യാലിറ്റി അനുവദിച്ചിട്ടുണ്ടെങ്കിലും തസ്തികയിൽ ആളില്ലാത്തതിനാൽ പ്രസവ സംബന്ധമായ ചികിത്സ നടക്കുന്നില്ല

(സി) പി.എച്ച്.സി കളിലായി പി.എസ്.സി വഴി ജോലി ലഭിച്ച എത്ര എം.ഡി, എം.എസ് കാർ ജോലി നോക്കുന്നുണ്ടെന്നും ഏതൊക്കെ പി.എച്ച്.സി കളിലാണ് ഇവർ ജോലി ചെയ്ത് വരുന്നതെന്നും ഇത്തരക്കാർ എത്ര വർഷങ്ങളിലായി പി.എച്ച്.സി കളിൽ ജോലി ചെയ്തു വരുന്നുണ്ടെന്നും വ്യക്തമാക്കാമോ?

(സി) പി.എസ്.സി വഴി അസിസ്റ്റന്റ് സർജൻ തസ്തികയിലേയ്ക്കുള്ള നിയമനത്തിനുള്ള അടിസ്ഥാന യോഗ്യത എം.ബി.ബി.എസ് ആണ്. ഉന്നത ബിരുദം യോഗ്യതയായിട്ടുള്ളവർക്ക് അതാത് മേഖലയിലുള്ള സ്പെഷ്യാലിറ്റി കേഡറിലേക്കുള്ള ഓപ്ഷൻ നൽകുന്നതിനുള്ള അവസരം നൽകി വരുന്നു.

**സെക്ഷൻ ഓഫീസർ**